"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-ലൈഫ് മിഷൻ- പട്ടികജാതി/പട്ടികവർഗ്ഗ, ഫിഷറീസ് വകുപ്പുകളിൽ നിന്നും ലഭിച്ച അഡീഷണൽ ലിസ്റ്റിലെ അർഹരായി കണ്ടെത്തിയ ഗുണഭോക്താക്കൾക്കും ലൈഫ് മൂന്നാം ഘട്ടത്തിലേയും അഡീഷണൽ ലിസ്റ്റിലേയും ഭൂരഹിത ഭവനരഹിതരുടെ ലിസ്റ്റിൽ നിന്നും ഭൂമി ആർജ്ജിച്ചുവരുന്ന അർഹരായ ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകുന്നതിന് ഹഡ്കോയിൽ നിന്ന് 1500 കോടി രൂപ വായ്പയായി ലഭ്യമാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്**

G.O.(Ms) No.53/2021/LSGD തീയതി,തിരുവനന്തപുരം, 18/02/2021

പരാമർശം:- 1 ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 21/12/2020-ൽ കൂടിയ ലൈഫ് മിഷൻ യോഗത്തിന്റെ നടപടിക്കുറിപ്പ്.

2 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 03/02/2021 ലെ എൽ.എം-103/2019/ലൈഫ് നമ്പർ കത്ത്.

**ഉത്തരവ്**

പട്ടികജാതി/പട്ടികവർഗ്ഗ, ഫിഷറീസ് വകുപ്പുകളിൽ നിന്നും ലഭിച്ച അഡീഷണൽ ലിസ്റ്റിലെ അർഹരായി കണ്ടെത്തിയ ഗുണഭോക്താക്കൾക്കും ലൈഫ് മൂന്നാം ഘട്ടത്തിലേയും അഡീഷണൽ ലിസ്റ്റിലേയും ഭൂരഹിത ഭവനരഹിതരുടെ ലിസ്റ്റിൽ നിന്നും ഭൂമി ആർജ്ജിച്ചുവരുന്ന ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകുന്നതിന് ഹഡ്കോ/കേരള ബാങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ കണ്ടെത്തുന്നതിനും നിലവിൽ നൽകുന്ന ധനസഹായ രീതിയിൽ മാറ്റം വരുത്തേണ്ടതില്ലെന്നും പരാമർശം(1) പ്രകാരം തീരുമാനിച്ചിരുന്നു.

2. നിലവിൽ ഒരു ലക്ഷം രൂപ സംസ്ഥാന വിഹിതം (റിമോട്ട് എസ്.ടി വിഭാഗം-3 ലക്ഷം) 2.20ലക്ഷം രൂപ ഹഡ്കോ ലോൺ, 80,000/- രൂപ തദ്ദേശ സ്ഥാപന വിഹിതം എന്ന രീതിയിലാണ് ധനസഹായം നൽകിവരുന്നത്. ലൈഫ് രണ്ടാംഘട്ടത്തിനുവേണ്ടി തദ്ദേശസ്ഥാപനങ്ങൾ 3,450 കോടി രൂപ ഹഡ്കോയിൽ നിന്നും വായ്പയെടുക്കുകയും ആയതിന്റെ തിരിച്ചടവ് നടന്നുവരുകയുമാണ്. തുടർന്നും ലോൺ എടുക്കുന്നത്

തദ്ദേശസ്ഥാപനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാർ തന്നെ ലോൺ എടുത്തു നൽകേണ്ട സാഹചര്യം നിലനിൽക്കുന്നുണ്ടെന്ന് പരാമർശം( 2 ) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിരുന്നു.

3. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലഭ്യമാക്കിയ പ്രപ്പോസൽ പ്രകാരം ഒരു ഗുണഭോക്താവിന് 2,20,000 രൂപ **നിരക്കിൽ** വായ്പയായി കണ്ടെത്തേണ്ട തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| **ഗുണഭോക്താക്കളുടെ എണ്ണം** | **വായ്പ തുക(കോടിയിൽ) (രൂപ)** |
|---|---|
| പട്ടികജാതി വിഭാഗം( 34,700 x 2.20 ലക്ഷം) | 763.40 |
| പട്ടിക വർഗ്ഗ വിഭാഗം (12,700 x 2.20 ലക്ഷം) | 279.40 |
| മത്സ്യ തൊഴിലാളി വിഭാഗം (4,400 x 2.20 ലക്ഷം) | 96.80 |
| ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമി ആർജ്ജിച്ചുവരുന്നവർ (മൂന്നാം ഘട്ടം /അഡീഷണൽ ലിസ്റ്റ്) 20,000 x 2.20 ലക്ഷം | 440.00 |
| **ആകെ** | **1,579.60 കോടി രൂപ** |

3. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും പട്ടികജാതി/പട്ടികവർഗ്ഗ, ഫിഷറീസ് വകുപ്പുകളിൽ നിന്നും ലഭിച്ച അഡീഷണൽ ലിസ്റ്റിലെ അർഹരായി കണ്ടെത്തിയ ഗുണഭോക്താക്കൾക്കും ലൈഫ് മൂന്നാം ഘട്ടത്തിലേയും അഡീഷണൽ ലിസ്റ്റിലേയും ഭൂരഹിത ഭവനരഹിതരുടെ ലിസ്റ്റിൽ നിന്നും ഭൂമി ആർജ്ജിച്ചുവരുന്ന ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകുന്നതിന് ഹഡ്കോയിൽ നിന്നും 1500 കോടി (ആയിരത്തി അഞ്ഞൂറുകോടി രൂപ മാത്രം) വായ്പയായി കണ്ടെത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN IAS
ADDITIONAL CHIEF SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലൈഫ് മിഷൻ
ജനറൽ മാനേജർ, ഹഡ്കോ.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ ,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്)കേരള, തിരുവനന്തപുരം
ധനകാര്യവകുപ്പ്(No. DEV-2/32/2020-Fin(e-1696104) dt 09/02/2021).
പൊതുഭരണ എസ്.സി. വകുപ്പ്(17/02/2021 മന്ത്രിസഭായോഗ തീരുമാനത്തിലെ ഇനം. നമ്പർ. 4712 പ്രകാരം)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by REENAMMA P A

Date: 2021.02.19 12:37:26 IST

Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ്മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക് .

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക് .